"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ - തൊഴിലാളികൾക്ക് ഡി.എ കുടിശ്ശിക നൽകുന്നതിനായി അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.710/2023/ID തീയതി,തിരുവനന്തപുരം, 12-07-2023

പരാമർശം:-

1. സ.ഉ(സാധാ)നം.667/2022/വ്യവ. തീയതി 30.06.2021.
2. 06.10.2022 -ലെ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ KSBC/MD/2022-23/1630 നമ്പർ കത്ത്.
3. 25.04.2023-ലെ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ KSBC/MD/2022-23/നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ഡി.എ കുടിശ്ശിക കൊടുക്കുന്നതിനായി സർക്കാർ 2021-22 സാമ്പത്തിക വർഷം 12 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 7.51 കോടി രൂപ ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ഡി. എ കുടിശ്ശിക നല്കുന്നതിലേക്കും, 86 ലക്ഷം രൂപ ഈറ്റ വെട്ട് തൊഴിലാളികളിൽ നിന്നും ഈറ്റ ശേഖരിക്കുന്നതിലേക്കും, 1 കോടി രൂപ നെയ്ത്തുകാരിൽ നിന്നും പനമ്പ് ശേഖരിക്കുന്നതിലേക്കുമാണ് ച്ലവഴിച്ചിരുന്നതെന്നും കൂടാതെ ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തു വാങ്ങിയ വകയിൽ 1.04 കോടി രൂപയും 2020-21 കാലഘട്ടത്തിൽ ഈറ്റവെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് സപ്ലൈ ഇൻസെന്റീവ് ബോണസ് കൊടുത്ത വകയിൽ 63.7 ലക്ഷം രൂപയും, 94.69 ലക്ഷം രൂപ സ്റ്റാറ്റ്യൂട്ടറി പെയ്മെന്റ് അടച്ച വകയിലും ചെലവായിട്ടുണ്ടെന്നും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ എം.ഡി റിപ്പോർട്ട ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ നിലനില്പിനും പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന ഈറ്റവെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് എല്ലാ ദിവസവും തൊഴിൽ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഇങ്ങനെ ചേയ്യേണ്ടതായി വന്നതെന്നും കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഈ തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ലായെന്നും ആയതിനാൽ ഫണ്ട് വകമാറ്റി ചിലവഴിച്ചതിന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എം.ഡി പരാമർശം (2),(3) കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോർപ്പറേഷൻ വലിയ സാമ്പത്തിക തകർച്ചയിലായത് കൊണ്ടാണ് ഫണ്ട് വകമാറ്റി ചെലവഴിച്ചത് എന്നുള്ളത് പരിഗണിച്ച്, സർക്കാർ ഏത് ആവശ്യത്തിനാണോ ഫണ്ട് അനുവദിക്കുന്നത് ടി ആവശ്യത്തിന് മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്നും, ഭാവിയിൽ ഇത്തരത്തിൽ വകമാറ്റി ചെലവ് ചെയ്യാൻ പാടില്ല എന്നുമുള്ള കർശന നിർദേശങ്ങളോടെ പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)